**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - ജീവനക്കാര്യം - ശ്രീ. ജോസ് മാത്യു ടി, അസി.എക്സി. എഞ്ചിനീയർ(റിട്ട) നിയമനത്തിനായി കാത്തുനിന്ന കാലയളവ് അർഹതപ്പെട്ട അവധിയായി ക്രമീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഇഡബ്ല്യു) വകുപ്പ്**

സ.ഉ. (സാധാ) നം.1284/2018/തസ്വഭവ. തീയതി, തിരുവനന്തപുരം, 07.05.2018

---

പരാമർശം:- 1. സ.ഉ(സാധാ) നം.2685/2016/തസ്വഭവ തീയതി 09.09.2016

2 ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 20.09.2016 ലെ ഒ.എ(ഇ.കെ.എം) 1397/2016 മേലുള്ള വിധിന്യായം.

3 സ.ഉ(സാധാ) നം.3022/2016/തസ്വഭവ തീയതി 04.11.2016

4 തൃശ്ശൂർ കോർപ്പറേഷൻ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ 30.11.2016 ലെ ജി13-8487/14 നമ്പർ നടപടിക്രമം

5 ശ്രീ.ജോസ് മാത്യു ടി-യുടെ 02.12.2016 ലെ അപേക്ഷ.

6 തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 16.01.2017 ലെ ഇ 1 -6257/2016/സി.ഇ/തസ്വഭവ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തദ്ദേശസ്വയം ഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ.ജോസ് മാത്യു ടി- നെ തൃശ്ശൂർ കോർപ്പറേഷനിൽ ജോലി നോക്കി വരവേ തിരൂർ മുനിസിപ്പാലിറ്റിയിലേക്ക് പരാമർശം (1) ഉത്തരവ് പ്രകാരം സ്ഥലം മാറ്റുകയുണ്ടായി. ടിയാന് പകരം തൃശ്ശൂർ കോർപ്പറേഷനിലേക്ക് സ്ഥലം മാറ്റി നിയമിക്കപ്പെട്ട അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ.ബിനോയ് ബോസ്. ഇ.സി, ജോലിയിൽ പ്രവേശിച്ചതിനെത്തുടർന്ന് ശ്രീ. ജോസ് മാത്യു 20.09.2016 ന് ടി കോർപ്പറേഷനിൽ നിന്നും വിടുതൽ ചെയ്തു. എന്നാൽ ശ്രീ. ജോസ് മാത്യു ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത ഒ.എ(ഇ.കെ.എം) 1397/2016 നമ്പർ കേസ്സിന്മേലുള്ള പരാമർശം (2) ഉത്തരവ് പ്രകാരം ടി സ്ഥലം മാറ്റ ഉത്തരവ് സ്റ്റേ ചെയ്യുകയുണ്ടായി.

2. തുടർന്ന്, മേൽ സ്ഥലം മാറ്റ ഉത്തരവ് പരാമർശം (3) ഉത്തരവ് പ്രകാരം റദ്ദ് ചെയ്തു. എന്നാൽ ശ്രീ.ബിനോയ് ബോസ്. ഇ.സി-ക്ക് പകരം നിയമനം നൽകാത്തതിനാൽ ഒഴിവിന്റെ അഭാവത്താൽ ശ്രീ.ജോസ് മാത്യുവിന് തൃശ്ശൂർ കോർപ്പറേഷനിൽ ജോലിയിൽ പ്രവേശിക്കുവാൻ സാധിച്ചില്ല. എന്നിരുന്നാലും, ടിയാൻ 30.11.2016 ന് സർവ്വീസിൽ നിന്നും വിരമിക്കുന്നത് കണക്കിലെടുത്ത് സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ പരാമർശം(4) നടപടിക്രമം പ്രകാരം ടിയാനെ തൃശ്ശൂർ കോർപ്പറേഷനിൽ നിയമിക്കുകയും ടിയാൻ 30.11.2016 പൂർവ്വാഹ്നം അവിടെ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. ഈ സാഹചര്യത്തിൽ, നിയമന ഉത്തരവിനായി കാത്തു നിന്ന 20.09.2016 മുതൽ 29.11.2016 വരെയുള്ള കാലയളവ് ഡ്യൂട്ടിയായി ക്രമീകരിക്കണമെന്ന് ടിയാൻ പരാമർശം (5) പ്രകാരം ആവശ്യപ്പെടുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. സ്വന്തം സൗകര്യാർത്ഥം സ്ഥലംമാറ്റം ലഭിക്കുന്നതിനു വേണ്ടി തസ്തികയിൽ ചുമതലയേൽക്കാതെ ഡ്യൂട്ടിയിൽ നിന്ന് വിട്ടുനിൽക്കുന്നവരുടെ നിയമന ഉത്തരവിനായി കാത്തിരിക്കുന്ന കാലം ഡ്യൂട്ടിയായി പരിഗണിക്കാൻ കഴിയില്ല . ആയതിനാൽ ശ്രീ.ജോസ് മാത്യു ടി, നിയമനത്തിനായി കാത്തുനിന്ന 20.09.2016 മുതൽ 29.11.2016 വരെയുള്ള കാലയളവ് ടിയാന്റെ അർഹതപ്പെട്ട അവധിയായി ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ ടിയാന് അർഹതപ്പെട്ട അവധി അനുവദിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ശ്രീജിത്ത്. വി.പി**
അണ്ടർ സെക്രട്ടറി

1 ശ്രീ.ജോസ് മാത്യു ടി, അസി.എക്സി. എഞ്ചിനീയർ (റിട്ട) (*തദ്ദേശഭരണ ചീഫ് എഞ്ചിനീയർ മുഖേന*)
2 ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3 അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ
4. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
5. വെബ്&ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
6. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.